(സി) എങ്കിൽ പ്രസ്തുത ആശുപത്രിയിൽ ജയിലിലെ അന്തേവാസികൾക്ക് പുറമേ നാട്ടുകാർക്കും ചികിത്സ ലഭ്യമാക്കുന്ന കാര്യം പരിഗണിക്കുമോ ;

(ഡി) ആശുപത്രി നിർമ്മിക്കാൻ ഉദ്ദേശിക്കുന്നില്ലെങ്കിൽ ജയിലിലെ താമസക്കാർക്ക് ചികിത്സാ സൗകര്യത്തിനായി എന്തു സംവിധാനമാണ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ചീമേനി തുറന്ന ജയിലിന്റെ കെട്ടിടം, ഓഫീസ്, ബാരക്ക്, അടുക്കള എന്നിവയുടെ പണി പൂർത്തിയായിക്കഴിഞ്ഞു. വൈദ്യുതി ബന്ധം സ്ഥാപിക്കുന്നതിനും വൈദ്യുതീകരിക്കുന്നതിനുമായി 5,55,000 (അഞ്ചു ലക്ഷത്തി അൻപത്തയ്യായിരം) രൂപ ഡെപ്പോസിറ്റ് ചെയ്തുകഴിഞ്ഞു. 1.5 കിലോമീറ്റർ ദൂരമുള്ള അപ്രോച്ച് റോഡ് ഇനിയും നിർമ്മിക്കാനുണ്ട്.

(ബി) ഉണ്ട്. 10 കിടക്കകളുള്ള ആശുപത്രി നിർമ്മിക്കുന്നതിനായി 15 ലക്ഷം രൂപ അനുവദിക്കുകയും കെട്ടിടങ്ങളുടെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ജയിലിന്റെ സുരക്ഷിതത്വം കണക്കിലെടുത്ത് നിലവിൽ ജയിലിനുള്ളിലെ ആശുപത്രികളിൽ നാട്ടുകാർക്ക് ചികിത്സാ സൗകര്യം ലഭ്യമാക്കുന്നില്ല. ഇത് ജയിൽ സുരക്ഷിതത്വത്തിന് പ്രതികൂലമാണ്.

(ഡി) ഉദിക്കുന്നില്ല.

കണ്ണൂർ പെരുവദേശം ബെന്നി തലശ്ശേരി സബ്ജയിലിൽ മരിച്ച സംഭവം

86 (1555) ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ കോളയാട് അംശം, പെരുവ ദേശം ആറ്റുപുറത്തെ ബെന്നി തലശ്ശേരി സബ്ജയിലിൽവെച്ച് ജയിൽ ഉദ്യോഗസ്ഥരുടെ ക്രൂരമായ മർദ്ദനമേറ്റ് മരണമടഞ്ഞതിനെക്കുറിച്ച് അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ടു കൊണ്ട് ആരുടെയെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

ഉത്തരം

(എ) ഉണ്ട്. ടിയാന്റെ ഭാര്യ കണ്ണൂർ ജില്ലയിൽ തലശ്ശേരി താലൂക്കിൽ കോളയാട് അംശം പെരുവ ദേശത്ത് ചെന്നപ്പൊയിൽ മോളി ടിയാന്റെ ജേഷ്ഠൻ കണ്ണൂർ ജില്ലയിൽ പെരുവ പി.ഒ. ആറ്റുപുറത്ത് ഹൗസിൽ ആറ്റുപുറത്ത് ബേബി എന്നിവർ പ്രതിപക്ഷനേതാവ് വി.എസ്. അച്യുതാനന്ദൻ മുഖാന്തിരം സമർപ്പിച്ച പരാതികൾ ലഭിച്ചിട്ടുണ്ട്. കൂടാതെ കണ്ണൂർ ജില്ലാ കോൺഗ്രസ്സ് കമ്മിറ്റി പ്രസിഡന്റ് ശ്രീ. സണ്ണി ജോസഫ്, കൂത്തുപറമ്പ് എം.എൽ.എ. ശ്രീ. പി. ജയരാജൻ എന്നിവരും ടിയാന്റെ മരണത്തെക്കുറിച്ച് അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ശിക്ഷാ പ്രതി ബെന്നി ജയിലിൽ മരണപ്പെട്ടതിനെത്തുടർന്ന് വകുപ്പിലെ അന്വേഷണം മദ്ധ്യമേഖലാ ഡി.ഐ.ജി. നടത്തി റിപ്പോർട്ട് തരികയും അതിൻമേൽ 10-4-2003-ന് ഡ്യൂട്ടിയിലുണ്ടായിരുന്ന ഒന്നാം ഗ്രേഡ് അസിസ്റ്റന്റ് ജയിലർ ശ്രീ. പി. കെ. സുധാകരൻ, വാർഡർമാരായ ശ്രീ. എൻ. ഉസ്മാൻ, ശ്രീ. എം. രാജേഷ് എന്നിവർ കൃത്യനിർവ്വഹണത്തിൽ ഗുരുതരമായ വീഴ്ച വരുത്തുകയും കുറ്റക്കാരെന്ന് പ്രഥമദൃഷ്ട്യാ കണ്ടെത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ അച്ചടക്ക നടപടിയുടെ ഭാഗമായി ടി ജയിലുദ്യോഗസ്ഥരെ അന്വേഷണ വിധേയമായി സർവ്വീസിൽനിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്. താമസംവിനാ ഇത് സംബന്ധിച്ച് വിശദമായ എൻക്വയറി നടത്തുമ്പോൾ പരാതിയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ പരിഗണനയ്ക്കെടുത്ത് അന്വേഷണ വിധേയമാക്കുന്നതാണ്.

സ്കൗട്ട്സ് ആന്റ് ഗൈഡ്സ് ഓഫീസും സാഹോദര്യ പ്രദർശിനി വായനശാലയും

87 (1556) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം പാലാരിവട്ടത്ത് 65 വർഷമായി പ്രവർത്തിച്ചുവന്ന സ്കൗട്ട്സ് ആന്റ് ഗൈഡ്സ് ഓഫീസും സാഹോദര്യ പ്രദർശിനി വായനശാലയും ഇപ്പോൾ പ്രവർത്തിപ്പിക്കുവാൻ പറ്റാത്ത സാഹചര്യം സൃഷ്ടിച്ച ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ ;

(ബി) പുസ്തകങ്ങളും മറ്റ് വായനശാല ഉപകരണങ്ങളും ചാക്കിൽക്കെട്ടി അജ്ഞാതമായ സ്ഥലത്ത് ഒളിപ്പിച്ചിരിക്കുന്ന പോലീസ് ഉദ്യോഗസ്ഥരുടെ നടപടിയെക്കുറിച്ച് അന്വേഷണങ്ങൾ നടത്തുമോ ;

(സി) ഇത് സംബന്ധിച്ച് കേരള ഹൈക്കോടതി ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) രാജഭരണ കാലത്ത് കരം ഒഴിവാക്കി നല്കിയ പ്രസ്തുത ഭൂമി കൈയടക്കാനുള്ള നടപടിക്കെതിരെ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ വിഷയവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ ഒരു ഒ.പി. നിലവിലുള്ളതിനാൽ കോടതി തീരുമാനം വരുന്നതുവരെ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുവാൻ കഴിയുകയില്ല.

(ബി) ഹൈക്കോടതിയിൽ ഫയൽ ചെയ്തിരിക്കുന്ന (ഒ.പി.നം.14002/2003) കേസ്സിൽ സ്കൗട്ട്സ് മാസ്റ്റർ ഓപ്പൺ സ്കൗട്ട് ഗ്രൂപ്പ്, സംസ്ഥാന ഗവൺമെന്റ്, ഡിസ്ട്രിക്ട് കളക്ടർ, എറണാകുളം, തഹസിൽദാർ, എറണാകുളം, പോലീസ് കമ്മീഷണർ, ഹോം സെക്രട്ടറി, കമ്മീഷണർ കോർപ്പറേഷൻ എറണാകുളം മുതൽപേരെ പ്രതി ചേർത്ത് കേസ് ഫയൽ ചെയ്തിട്ടുള്ളതിനാൽ ഇക്കാര്യത്തിൽ ഹൈക്കോടതിയുടെ അന്തിമ തീരുമാനമനുസരിച്ച് മാത്രമേ നടപടികളെടുക്കാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly